കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2017-18 - ആന്ധ്രൂർ മുനിസിപ്പാലിറ്റി - പുതുതായി രൂപീകരിച്ചിട്ടുള്ള നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച പ്രത്യേക ധനസഹായം - പൊതുആവശ്യ ഫണ്ടിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച്.

ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്

സ.ഉ.(സാധാ) നം. 8342/2017/ധന. തീയതി, തിരുവനന്തപുരം, 03 നവംബർ 2017

പരാമർശം. 1) സ.ഉ.(സാധാ) നം. 5081/2017/ധന തീയതി 20/06/2017.

2) ആന്ധ്രൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 13/09/2017 ലെ ജി1-2961/2016 -ാം നമ്പർ കത്ത്.

ഉത്തരവ്

പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് അവരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വികസന ഫണ്ടിന്റെ ജനറൽ സെക്ടറിൽ നിന്നും പ്രത്യേക ധനസഹായം പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവാകുകയും അനുവദിക്കപ്പെട്ട തുകയുടെ 50% ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും ഉൾപ്പെടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾക്ക് ഉപയോഗിക്കാൻ അനുമതികൊടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ വ്യവസ്ഥയ്ക്ക് വിധേയമായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾക്ക് പണം അനുവദിച്ച് നൽകുവാനും വികസനഫണ്ടിൽനിന്നും മാറുന്ന തരത്തിൽ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും യഥാക്രമം ട്രഷറി ഡയറക്ടർക്കും ഐ.കെ.എം. ഡയറക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

2) നഗരസഭ ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്നത് പഴയ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലാണെന്നും ആന്ധ്രൂർ നഗരസഭയ്ക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടു നൽകുന്നതിനുള്ള അനുവാദ അനുമതി ഉത്തരവായിട്ടുണ്ടെന്നും പരാമർശം (1) ലെ ഉത്തരവ് പ്രകാരം വികസനഫണ്ടിന്റെ ഭാഗമായി അനുവദിച്ച 1 കോടി രൂപയ്ക്ക് നഗരസഭ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് 2017-18 വർഷത്തേയ്ക്കുള്ള പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും നടപ്പാക്കുന്നതിനും ചുരുങ്ങിയ കാലയളവ് മാത്രമേ ബാക്കിയുള്ളുവെന്നും 2018 മാർച്ച് 31 നകം പണിപൂർത്തിയാക്കാൻ കഴിയാത്തതിനാൽ തുക ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കാൻ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റുവാൻ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ആന്ധ്രൂർ

മുനിസിപ്പാലിറ്റി ചെയർപേഴ്സൻ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിക്ക് പരാമർശം (1) പ്രകാരം നഗരസഭകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വികസന ഫണ്ടിന്റെ ജനറൽ സെക്ടറിൽ നിന്നും അനുവദിച്ച 1 കോടി രൂപ (ഒരു കോടി രൂപ മാത്രം) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പൊതു ആവശ്യഫണ്ടിന്റെ 3604-00-200-88-(02)- NP എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി അനുവദിച്ച് ഉത്തരവാകുന്നു:

(i) ഈ തുക നഗരസഭയുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

(ii) ഈ തുക സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് മാറ്റി പ്രത്യേകമായി സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പ്രതീപ് കുമാർ ബി
ഗവ: ജോയിന്റ് സെക്രട്ടറി

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്((www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്യു-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E-631337)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ